(ബി) ഡി. എം. ഒ ഓഫീസിന് സ്വന്തമായ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കുമോ ;

(സി) എറണാകുളം ജനറൽ ആശുപത്രിയോട് ചേർന്നുള്ള 1/ സെന്റ് സ്ഥലം ഇതിന്റെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി)&(സി) എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസ് 1972 മുതൽ എറണാകുളം നഴ്സിംഗ് സ്കൂളിന്റെയും തുടർന്ന് 2007 മുതൽ എറണാകുളം ജനറൽ ആശുപത്രിയുടെയും കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത ഓഫീസിന് സ്വന്തമായ കെട്ടിടം പണിയുന്നതിനുള്ള ശുപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചാലുടനെ മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ സുനാമി ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടത്തിയ പദ്ധതികൾ**

**15 (6165)** ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ സുനാമി ഫണ്ട് വിനിയോഗിച്ചു കൊണ്ട് എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുനാമി ഫണ്ട് ഉപയോഗിച്ച് എത്ര കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് കൺസൾട്ടന്റുമാരെ നിയോഗിച്ചിരുന്നുവോ ; ഉണ്ടെങ്കിൽ ആരൊക്കെ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) കൺസൾട്ടന്റുമാരെ നിയോഗിച്ചതിന്റെ മാനദണ്ഡം എന്തൊക്കെ യാണ് ; വിശദീകരിക്കുമോ ;

(ഇ) ഈ കൺസൾട്ടൻസികൾക്ക് എത്ര രൂപ ഫീസിനത്തിൽ നൽകി ; പദ്ധതി തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ?

ഉത്തരം

(എ) സുനാമി പുനരധിവാസ പദ്ധതിപ്രകാരമുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 *ആയി ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) സുനാമി പുനരധിവാസ പദ്ധതികൾക്കായി ആരോഗ്യ മേഖലയിൽ 73.55 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. നാളിതുവരെ 65.72 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HLL), ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് (HPL), KHRWS, HABITAT, KSCC, KLDC വിവിധ തദ്ദേശ ഭരണസ്ഥാപനങ്ങൾ എന്നിവരെയാണ് സുനാമി പുനരധിവാസ പദ്ധതികളുടെ നടത്തിപ്പുകാരായി നിയോഗിച്ചിരിക്കുന്നത്. ഇത് കൂടാതെ ഉപകരണങ്ങൾ വാങ്ങുവാൻ പൊതുമേഖലാ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനേയും നിയോഗിച്ചിട്ടുണ്ട്.

(ഡി) കൺസൾട്ടന്റുമാരെ താഴെ പറയുന്ന സർക്കാർ ഉത്തരവുകൾ പ്രകാരമാണ് നിയോഗിച്ചിട്ടുള്ളത്.

(i) ജി.ഒ.(എം.എസ്) നം.438/2007/ആ.കു.വ. തീയതി 25-10-2007.

(ii) ജി.ഒ.(എം.എസ്) നം.25/2009/ആ.കു.വ. തീയതി 14-1-2009.

(iii) ജി.ഒ.(എം.എസ്) നം.100/2009/ആ.കു.വ. തീയതി 8-4-2009.

ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II * ആയി ചേർത്തിരിക്കുന്നു.

(ഇ) പദ്ധതി തിരിച്ചുള്ള കൺസൽട്ടൻസി ഫീസ് അനുബന്ധം - 3* ആയി ചേർക്കുന്നു. ഈ തുക മുഴുവനായും പദ്ധതി തീരുമ്പോൾ മാത്രമേ നൽകുകയുള്ളൂ.

**കിടത്തി ചികിത്സയുള്ള സ്വകാര്യ ആശുപത്രികളുടെ കണക്ക്**

16 (6166) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) സംസ്ഥാനത്ത് കിടത്തി ചികിത്സയുള്ള സ്വകാര്യ അലോപ്പതി ആശുപത്രികളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കിടത്തി ചികിത്സയ്ക്കുള്ള ആശുപത്രികൾ തുടങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള മാനദണ്ഡം എന്തൊക്കെയാണ് ;

(ഡി) ഈ ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആവശ്യത്തിനുള്ള ഡോക്ടർമാർ, യോഗ്യതയുള്ള നഴ്സുമാർ എന്നിവ ഉറപ്പുവരുത്തുന്നതിനോ നിരീക്ഷിക്കുന്നതിനോ പരിശോധിക്കുന്നതിനോ സർക്കാർ സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള സുതാര്യമായ സംവിധാനം ഏർപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly